# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

ഹാജർ : ശ്രീ എം.പി. ആന്റണി (മെമ്പർ)

തീയതി : 14-03-2019

**സി.ആർ.എം.പി.നമ്പർ : 8170/07/LA1/2018/KeSCPCR**

ഹർജികക്ഷി : സ്വമേധയാ।

എതിർകക്ഷികൾ :
1) ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
തിരുവനന്തപുരം

2) സെക്രട്ടറി
വനിതാ ശിശുവികസന വകുപ്പ്
തിരുവനന്തപുരം

3) സംസ്ഥാന പോലീസ് മേധാവി
തിരുവനന്തപുരം

## ഉത്തരവ്

1) ***"Car Seats for children should be made mandatory, experts say"*** എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ 2005 ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമത്തിലെ 13(1) വകുപ്പ് പ്രകാരം കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ച ഹർജി വിഷയമാണിത്.

2) മരണപ്പെട്ട പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്ക്കറിന്റെ കുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് വാഹനങ്ങളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നുള്ളതാണ് ഹർജിക്ക് ആധാരമായ സംഗതി.

3) മേൽവിഷയത്തിൽ എതിർകക്ഷികളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് 1-ാം എതിർകക്ഷി 11-10-2018 തീയതി നമ്പർ ഇ2/ഇ-75199/2018/റ്റിസി പ്രകാരവും 2-ാം എതിർകക്ഷി 03-12-2018 തീയതി നമ്പർ SJD-E2/319/2018-SJD പ്രകാരവും റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. 3-ാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

4) 1-ാം എതിർകക്ഷി റിപ്പോർട്ട് പ്രകാരം 1989 ലെ കേന്ദ്രമോട്ടോർ വാഹനചട്ടം 125(1) എ പ്രകാരം ഇരുചക്ര/മുച്ചക്ര വാഹനങ്ങൾ എന്നിവ ഒഴികെയുള്ള ഡ്രൈവറെ കൂടാതെ 7 സീറ്റുവരെയുള്ള എം.1 കാറ്റഗറിയിൽപ്പെട്ട എല്ലാ യാത്രാ വാഹനങ്ങളിലും വാഹനമോടിക്കുന്ന ഡ്രൈവർക്കും മുൻസീറ്റിലിരുന്ന് യാത്ര ചെയ്യുന്നവർക്കും സീറ്റ്ബെൽറ്റ് നിർബന്ധമാണെന്നും, നിയമം പാലിക്കുന്നതിൽ വാഹനം ഉപയോഗിക്കുന്നവർ കാണിക്കുന്ന അലംഭാവവും അശ്രദ്ധയുമാണ് അപകടങ്ങൾക്ക് കാരണമാകുന്നതെന്നും, നിത്യേന വർധിച്ചുവരുന്ന അപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണങ്ങളും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ "സേഫ് കേരള" പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടെന്നും പദ്ധതി നടപ്പിലാകുന്നതോടെ 24 x 7 സമയക്രമത്തിൽ കേരളത്തിലുടനീളം മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉണ്ടാകുയും അപകടകരമായ ഡ്രൈവിംഗ് നടത്തുന്നവർക്കെതിരെ നടപടികളെടുക്കുന്നതിന് സാധിക്കുമെന്നാണ് ബോധിപ്പിച്ചിട്ടുള്ളത്.

5) റിപ്പോർട്ട് വിലയിരുത്തിയതിൽ നിന്നും അലംഭാവവും അശ്രദ്ധയുമാണ് അപകട മരണങ്ങൾക്കും മറ്റും കാരണമാകുന്നതെന്നും കൂടുതൽ ശ്രദ്ധ ബന്ധപ്പെട്ട എല്ലാം വിഭാഗങ്ങളുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നുമാണ് കമ്മീഷന്റെ നിരീക്ഷണം. നിലവിലുള്ള ഉത്തരവുകളിലും നിർദ്ദേശങ്ങളിലും കാറുകളിലും മറ്റു നാലുചക്ര വാഹനങ്ങളിലും കുഞ്ഞുങ്ങളുമായി യാത്ര ചെയ്യേണ്ടിവരുമ്പോൾ (അപകടരഹിതമായ രീതിയിൽ) പാലിക്കേണ്ട സുരക്ഷിതമായ സീറ്റിംഗ് സംബന്ധിച്ച് വ്യക്തതയില്ലെന്നാണ് കമ്മീഷന്റെ വിലയിരുത്തൽ. റിപ്പോർട്ട് ചെയ്യപ്പെടുന്ന പല അപകടങ്ങളിലും കുഞ്ഞുങ്ങൾക്ക് പ്രത്യേക സുരക്ഷാ സീറ്റ് ഇല്ലാത്തതാണ് കുട്ടികൾക്ക് മാരകമായി പരിക്കേൽക്കുന്നതിനും അപകട മരണങ്ങൾക്കും കാരണമാകുന്നതെന്നാണ്. അമേരിക്കൻ അക്കാഡമി ഓഫ് പീഡിയാട്രിഷ്യൻസ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നമ്മുടെ നാട്ടിലും

പാലിക്കപ്പെടേണ്ടതുണ്ടെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. 13 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ പിൻസീറ്റിൽ ഇരുന്ന് യാത്ര ചെയ്യുന്നതാണ് സുരക്ഷിതമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നതും. യാതൊരു കാരണവശാലും എയർബാഗു സീറ്റുള്ള കാറുകളിൽ കുട്ടികൾ മുൻസീറ്റുകളിൽ ഇരുന്ന് യാത്ര ചെയ്യുന്നത് ഒട്ടുംതന്നെ അനുവദിച്ചുകൂടാത്തതാകുന്നു. എയർബാഗു മുതിർന്നവർക്ക് സുരക്ഷയൊരുക്കുമെങ്കിലും കുഞ്ഞുങ്ങൾക്ക് അപകടകെണിയാണെന്നും ആയതിനാലാണ് കുട്ടികളെ പിൻസീറ്റിൽ തന്നെ ഇരുത്തണമെന്നും, പിൻസീറ്റിൽ കുഞ്ഞുങ്ങൾക്കുവേണ്ടി ബേബി സീറ്റ് ഘടിപ്പിക്കണമെന്നും വാഹന നിർമ്മാതാക്കൾ തന്നെ നിർദ്ദേശം വച്ചിരിക്കുന്നതെന്നും കമ്മീഷൻ വിലയിരുത്തുന്നു.

6) മേൽ സാഹചര്യത്തിൽ 2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം താഴെപ്പറയുന്ന ശുപാർശകൾ കമ്മീഷൻ പുറപ്പെടുവിക്കുന്നു.

*(1) ബെൽറ്റ് നിർബന്ധമാക്കിയിട്ടുള്ള എല്ലാത്തരം വാഹനങ്ങളിലും യാത്ര ചെയ്യുന്നവർ കുട്ടികളടക്കം ആയതു ഉപയോഗിക്കണമെന്ന് പരസ്യങ്ങൾ വഴിയും മാധ്യമവാർത്തകൾ വഴിയും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിന് 1 ഉം 3 ഉം എതിർകക്ഷികൾ നടപടിയെടുക്കുക.*

*(2) യാത്രാവാഹനങ്ങളിൽ കുട്ടികളുമായി യാത്ര ചെയ്യുന്നവർ കർശനമായി* ***'Child on Board'*** *എന്ന അറിയിപ്പ് വാഹനത്തിൽ പതിപ്പിച്ചിരിക്കണമെന്ന നിർദ്ദേശവും ഒപ്പം തന്നെ 13 വയസ്സിൽ താഴെയുള്ള കുട്ടികളുമായി യാത്ര ചെയ്യുന്നവർ കുട്ടികളെ പിൻസീറ്റിലിരുത്തി മാത്രമെ വാഹനമോടിക്കാവൂ എന്നും 2 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് ബേബിസീറ്റ് ഘടിപ്പിക്കണമെന്ന നിർദ്ദേശവും കർശനമായി പാലിക്കപ്പെടുന്നതിനു ആവശ്യമായ ഭേദഗതികൾ മോട്ടോർ വാഹന നിയമത്തിലും ചട്ടങ്ങളിലും ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ 1-ാം എതിർകക്ഷി സ്വീകരിക്കുക.*

*(3) കുട്ടികളുമായി യാത്ര ചെയ്യുന്നവർ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കിയ ശേഷം ഡ്രൈവിംഗ് ചെയ്യണമെന്നുള്ള അവബോധം ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കി ഡ്രൈവിംഗ് ലൈസൻസ് കൈപ്പറ്റുന്ന*

*വേളയിൽ ടി കക്ഷികൾക്ക് കർശന നിർദേശം വഴി നൽകുവാൻ കഴിയുമോ എന്ന കാര്യം 1-ാം എതിർകക്ഷി പരിശോധിക്കുക.*

*(4) നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുവാൻ 1 ഉം 3 ഉം എതിർകക്ഷികളുടെ കീഴിലുള്ള മുഴുവൻ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുക.*

മേൽപ്പറഞ്ഞ ശുപാർശകളിൽ എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012 ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം 45 ദിവസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
എം.പി. ആന്റണി
(മെമ്പർ)

ഉത്തരവിൻ പ്രകാരം

കെ.ആർ. പ്രസന്നൻ
രജിസ്ട്രാർ

Si 16.3.19